(ബി & സി) വയനാട്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ ഓണക്കാലത്ത് വിൽപ്പനമേളകൾ സംഘടിപ്പിച്ചിരുന്നു.

(ഡി) ഗ്രാമീണ ഉൽപ്പാദകർക്ക് ഒരളവുവരെ നല്ലവില ലഭ്യമാക്കാൻ ജില്ലാ വിൽപ്പനമേളകൾകൊണ്ട് സാധിക്കും. എന്നാൽ എല്ലാ ജില്ലകളിലും ഇത്തരം മേളകൾ വിജയകരമായി സംഘടിപ്പിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

മത്സ്യബന്ധന ബോട്ടുകൾക്കുള്ള ലൈസൻസ്

16 (*373) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യബന്ധന ബോട്ടുകൾക്കുള്ള ലൈസൻസ് ഏതൊക്കെ ഏജൻസികൾക്കാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് മത്സ്യബന്ധന ബോട്ടുകൾക്കുള്ള ലൈസൻസ് മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മത്സ്യബന്ധന ബോട്ടുകൾക്കുള്ള ലൈസൻസ് തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ബോട്ടുടമകളായ വ്യക്തികൾക്കാണ് സാധാരണ ലൈസൻസ് നൽകുന്നത്.

(ബി&സി) മത്സ്യം പിടിക്കുന്നവർക്കുമാത്രമായി മത്സ്യബന്ധനത്തിലെ ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്ന ഒരു ജലപരിഷ്കരണം സംസ്ഥാനത്തിന്റെ തീരക്കടൽ പ്രദേശത്തേക്കായി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്.

(ഡി) മത്സ്യബന്ധനത്തിലെ ആസ്തികളുടെ ഉടമസ്ഥാവകാശം മത്സ്യ തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതു വഴി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുവാനും മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതകളിൽ നിന്ന് മോചിപ്പിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly